പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3265 20.06.2014- ൽ മറുപടിക്ക്

അനാഥാലയങ്ങളിലേയ്ക്ക് കുട്ടികളെ എത്തിച്ചത് പരിശോധിക്കാൻ നടപടി

ചോദ്യം
ശ്രീ. ബാബു. എം.പാലിശ്ശേരി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഝാർഖണ്ഡ് സംസ്ഥാനത്തെ കുട്ടികൾക്ക് വിദ്യാഭ്യാസവും ഭക്ഷണവും സൗജന്യമായിരിക്കെ അവിടെ നിന്നും കുട്ടികളെ സംസ്ഥാനത്തെ അനാഥാലയങ്ങളിലേയ്ക്ക് കൊണ്ടുവന്നത് മനുഷ്യക്കടത്താണ് എന്നത് സംബന്ധിച്ച് അന്വേഷണത്തിനെത്തിയ ഝാർഖണ്ഡ് ഉന്നത ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച് വിവിധ തരത്തിലുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഝാർഖണ്ഡ് സർക്കാരിന്റേതായി ഇതു സംബന്ധിച്ച ഔദ്യോഗിക റിപ്പോർട്ടുകളൊന്നും തന്നെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | അന്യസംസ്ഥാനത്ത് നിന്നുള്ള കുട്ടികളെ കേരളത്തിൽ എത്തിച്ച സംഭവത്തിൽ പോലീസ് അന്വേഷണം നടന്നു വരുന്നു. |
| (സി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ